# വിത്തും വിതക്കാരനും

**മത്തായി 13/1 - 23, മർക്കോസ് 4/1-9, ലൂക്ക 8/4-8**

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

കടൽതീരത്ത് വലിയ ജനക്കൂട്ടത്തോട് യേശു ഈ ഉപമ പറയുന്നതായി മർക്കോസും മത്തായിയും അവതരിപ്പിക്കുന്നു. എന്നാൽ ലൂക്കായാകട്ടെ യേശുവിന്റെ പട്ടണ പര്യടനങ്ങളുടെ ഭാഗമായി ശിഷ്യന്മാരോട് ഇക്കാര്യം പറയുന്നതായി അവതരിപ്പിക്കുന്നു. യേശുവിൽ നിന്നും കാര്യം കണ്ട ശേഷം ജനം തിരിച്ചുപോയി. അവരിൽ മാറ്റമൊന്നും കാണാഞ്ഞ് ശിഷ്യന്മാർക്ക് നഷ്ടബോധമുണ്ടായി. ആ അവസരത്തിലെ ആശ്വാസവാക്കുളാണിവ.

## പശ്ചാത്തലം

മത്തായി ഈ ഉപമ അവതരിപ്പിക്കുന്നതിനു മുമ്പേ വിവരിക്കുന്ന സംഭവം പ്രത്യേക ശ്രദ്ധയാകർഷിക്കുന്നുണ്ട്. യേശു പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ അമ്മയും സഹോദരന്മാരും വന്ന് തന്നെ കാണാൻ ആഗ്രഹിക്കുന്നതായി പറയുന്നുണ്ട്. അപ്പോൾ യേശു പറഞ്ഞു,“ആരാണ് എന്റെ അമ്മയും സഹോദരന്മാരും? എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാരോ അവരാണ് എന്റെ അമ്മയും സഹോദരനും സഹോദരിയും.” (മത്തായി 12/46-50) എന്ന്. മറ്റൊരവസരത്തിൽ യേശു പറയുന്നു,“എന്റെ വചനം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവൻപാറമേൽ ഭവനം പണി ചെയ്തവനു തുല്ല്യൻ.” (മത്തായി 7/21-28)

## പ്രഘോഷകന്റെ പ്രത്യാശ

ദൈവരാജ്യസ്ഥാപനത്തിനും അതിന്റെ വളർച്ചയ്ക്കും തടസ്സങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. പ്രഘോഷകൻ ശുഭാപ്തി വിശ്വാസമുള്ളവനാണം. വചനത്തിനും വിശ്വാസത്തിനും എതിരായ ശത്രുക്കളെ കണക്കിലെടുക്കേണ്ട. ലക്ഷ്യങ്ങൾക്കായി ക്ലേശവും പീഢയും അനുഭവിക്കേണ്ടി വരും. ദൈവീക ഫലങ്ങൾ ഉളവാക്കാനുള്ള വ്യവസ്ഥകളായി മാത്രം അവയെ കണ്ടാൽ മതി. മനക്കരുത്തിനുള്ള ഉപമയാണിത്. ആത്മാവിൽ വിത്ത് പാകി വളർത്തുന്നവരോട് അണിചേരു.

ആദിമ ക്രൈസ്തവസഭ വിതക്കാരന്റെ ഉപമയ്ക്കു നൽകിയവിശദീകരണമാണ് മത്തായി 13/18-23. കുരിശിൽ വ്യർത്ഥമായി തോന്നിയവ കണക്കുക്കൂട്ടലുകൾക്കപ്പുറത്തു ഉത്ഥാനത്തിലൂടെ എല്ലാം തിരുത്തി. ഇത്തരം വിളവെടുപ്പുകളുടെ ആനന്ദമാണ് ക്രൈസ്തവനെ നയിക്കേണ്ടത്. പ്രതിസന്ധികൾക്കപ്പുറത്ത് വിജയത്തിന്റെ സമൃദ്ധി ഒരുക്കുന്ന ദൈവത്തിൽ വിശ്വസിക്കുക.

## ദൈവദൗത്യം പരാജയപ്പെടില്ല

വിതക്കാരൻ പിൻതിരിയരുത്. രക്ഷയ്ക്കുള്ള അവസരം എല്ലാവർക്കുമായി തുറന്നിട്ടിരിക്കുന്നു. ഫലമണിയാതെ പോകുന്നതിന്റെ ഉത്തരവാദിത്വം നമ്മുടെ മാത്രം. ഏശയ്യ 55 ൽ വായിക്കുന്നു,"എന്റെ വാക്കുകൾ ഫലം പുറപ്പെടുവിക്കാതെ തിരികെ വരികയില്ല." മനുഷ്യശക്തിക്ക് ദൈവദൗത്യം പരാജയപ്പെടുത്തുവാനാകില്ല.

## യഥാർത്ഥ പ്രമേയം

യേശു ശിഷ്യന്മാർക്ക് എല്ലാമായിരുന്നു. പക്ഷെ ദൗത്യം പരാജയം. സിനഗോഗിൽ നിന്നും പുറത്താക്കി. ഫരിസേയരും സദുക്കായരും വിമർശിച്ചു. ശിഷ്യർ സ്വാർത്ഥർ. ദൈവപുത്രത്വവും ദൈവരാജ്യവും പലരും കണ്ണടച്ച് അവഗണിച്ചു. യേശുവിനെ തിരസ്കരിക്കുന്നതാണ് യഥാർത്ഥ പ്രമേയം.

മുൾവഴിയേയും, കൽ വഴിയേയും, ഉറച്ച വഴിയേയും നല്ലവഴിയേയും യേശു ഒരുപോലെ വിശ്വസിച്ചു. മുൾ നിലങ്ങളെ തിരുരക്തത്താൽ പരുവപ്പെടുത്തി. പാറപ്പുറങ്ങളിൽ നീർച്ചാലുകൾ കീറി.

## വചനവും വിവിധ സമൂഹങ്ങളും

വിവിധ സമൂഹങ്ങൾ എപ്രകാരം വചനം സ്വീകരിക്കുകയും അവ ഏതെല്ലാം തലങ്ങളിൽ പ്രാവർത്തികമാക്കുകയും ചെയ്തു എന്നും ഈ ഉപമ വിവക്ഷിക്കുന്നു. വിത്തും വിതക്കാരനും ഒന്നുതന്നെയെങ്കിലും വിളനിലത്തിന്റെ വൈവിധ്യം ഫലം വിളയിക്കുന്നതിൽ പ്രതിഫലിക്കുന്നു. അവ വായനക്കാരനെ വെല്ലുവിളിക്കുന്നു. മണ്ണിന്റെ വ്യത്യാസങ്ങളെക്കുറിച്ച് ചിന്തിക്കാൻ വചനം ആവശ്യപ്പെടുന്നു.

## വിത്തിന്റെ ഭാവിയും കർത്താവും

വിത്തിന്റെ ഭാവി കേൾവിക്കാരനെ ആശ്രയിച്ചിരിക്കുന്നു. ഫലം പുറപ്പെടുവിക്കവാൻ വേണ്ടത് വിശ്വസ്തതയും ധാർമ്മികതയുമാണ്. ഒന്നു മുളയ്ക്കുന്നതുപോലും ചെയ്യാതെ വിത്ത് കൊത്തിതിന്നുന്നത് കണ്ടു. വേനൽ ചൂരിൽ കരിഞ്ഞില്ലാതാകുന്നത് നെടുവീർപ്പോടെ നോക്കി. മുളച്ചിട്ടും ഞെരിഞ്ഞില്ലാതാകുന്നത് വേദനയായിത്തീർന്നു. അദ്ധ്വാനിച്ചതൊക്കെ വെറുതെയെന്ന് മനസ്സിൽ ആദ്യം കുറിച്ചിട്ടു. എന്നാൽ വയലിൽ നിറയെ നിറകതിരുകൾ കണ്ട് നൊമ്പരം മറന്നയാൾ സ്തുതിച്ചു.

## വിത്തും ഞാനും

വചനം മാംസമായതുപോലെ, ജീവിതത്തെ സ്പർശിക്കുന്ന വചനം എന്നെ മറ്റൊരു ക്രിസ്തുവാക്കി മാറ്റുന്നു.

## ദൈവവചനം

ദൈവത്തിന്റെ വചനം നമ്മുടെ നാവിന് തേനിനെക്കാൾ മധുരമാണ്. (സങ്കീ. 119/103) ദൈവത്തിന്റെ വചനം ആത്മാവും ജീവനുമാണ്. (സങ്കീ. 6/63) വചനം പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാണ്. (സങ്കീ. 104) ദൈവത്തിന്റെ സജ്ജീവവും, ഊർജ്ജസ്വലവും ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും, നിയോഗങ്ങളെയും വിവേചിക്കുവാൻ കെല്പുള്ള വചനം മൂന്നിടങ്ങളിലും പരാജയപ്പെടുന്നു.

ആകാശവും ഭൂമിയും കടന്നുപോയാലും നിത്യം നിലനിൽക്കുന്ന ദൈവത്തിന്റെ വചനം തന്നെയാണ് എല്ലാവരിലും വിതയ്ക്കപ്പെടുന്നത്. ക്രിസ്തു പറയുന്നു, "എന്റെ വചനത്തിൽ നിലനിൽക്കുന്നുവെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. ....... സത്യം നിങ്ങൾ അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." അടിസ്ഥാനപരമായി ദൈവം നമ്മിൽ വിതച്ചിട്ടുള്ള വചനം നന്മ മുളയ്ക്കാനും, വളരാനും, പുഷ്പിക്കാനും, പഴങ്ങൾ നൽകാനും നാം അനുവദിക്കണം. ദൈവവുമായി 'അല്പം നനവുള്ള' ഹൃസകാലത്തേക്കു മാത്രമല്ല, നിരന്തരം സഹകരിക്കണം. മുള്ളുകൾക്കിടയിൽ ഞെരുങ്ങാതെയിരിക്കുവാൻ കളകളെ മാറ്റി, അലസതയാകുന്ന പക്ഷികൾ വചനം നശിപ്പിക്കാതെ ചെറുത്തുനിൽക്കണം.

## ഒരുക്കം

വചനവിത്തിനെ വളർത്തുവാൻ തനിക്കിത്തിരി ഒരുക്കം ആവശ്യമാണെന്ന് ഏതു നിലവും അറിയണം.

## കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ

തന്റെ പ്രബോധനാവസാനത്തിൽ യേശു ശബ്ദമുയർത്തി പറയുന്ന വചനമുണ്ട്. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ. വെറുമൊരു കേൾക്കലിനും, ചെവിചേർക്കലിനുമപ്പുറം മാറ്റം വരുത്തലിന്റെ, സ്വയമൊരുക്കലിന്റെ വേദനകൂടി ഏറ്റുവാങ്ങാനുള്ള ആഹ്വാനം കൂടി ആ മൊഴികൾക്കുണ്ട്. ഫലം പുറപ്പെടുവിക്കാനുള്ള മാർഗ്ഗം ചെവിയുള്ളവൻ കേൾക്കുക എന്നതാണ്. മനസ്സ് തുറന്ന് തുടർച്ചയായ മാറ്റത്തിന് തയ്യാറായിരിക്കണം.

തന്റെ വാക്കുകൾ പലരും കേൾക്കുന്നില്ല എന്നൊരു ധ്വനിയും യേശുവിന്റെ വാക്കുകളിലുണ്ട്. "ശ്ശെ, പണ്ട് അവൻ പറഞ്ഞ വാക്കുകൾ കേട്ടിരുന്നുവെങ്കിൽ ഇന്ന് എനിക്കി വിധി ഉണ്ടാകുമായിരുന്നില്ല", "അന്ന് ഡാഡിയും മമ്മിയും പറഞ്ഞത് അനുസരിച്ചിരുന്നെങ്കിൽ ഇന്ന് ഈ ഗതി വരില്ലായിലുന്നു" എന്നൊക്കെ പറയുന്നത് നാം കേട്ടിരിക്കും.

## സംസാരിക്കുന്ന ദൈവം

ദൈവം എല്ലാക്കാലത്തും തന്റെ ജനത്തോട് വിവിധരീതിയിൽ സംസാരിച്ചിട്ടുണ്ട്, ഈ അവസാനകാലത്ത് തന്റെ പുത്രൻ വഴിയും (ഹെബ്രാ. 1/1-2). ദൈവത്തിന്റെ വാക്കുകൾ അനുസരിക്കുന്നവരുടെ ജീവിതം ധന്യമാകുന്നതായും, ചെവി അടയ്ക്കുന്നവർ പൂർണ്ണമായും നശിക്കുന്നതും നാം വായിക്കുന്നുണ്ട്.

## മനസ്സാക്ഷി

കൈക്കൂലി വാങ്ങാൻ തുടങ്ങുമ്പോൾ "വേണ്ട" എന്നുള്ള മനസ്സിന്റെ സ്വരം,പോകാൻ പാടില്ലാത്ത വഴികളിലേക്കും സ്ഥലങ്ങളിലേക്കും നീങ്ങുമ്പോൾ "അതിലെ പോകരുത് " എന്ന ഉള്ളിന്റെ ഓർമ്മപ്പെടുത്തൽ, കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്ന വചനത്തിന്റെ മുഴക്കങ്ങളാണ്.

ജീവിതത്തിന്റെ തിരക്കുകളിലും ബഹളങ്ങളിലും പെട്ട് ക്രിസ്തുവിന്റെ ശബ്ദം കേൾക്കാതെ പോകുന്നവരുമുണ്ട്.

## ദുഷ്ടൻ അപഹരിക്കുന്ന വചനം

ഫലം പുറപ്പെടുവിക്കാത്ത വിത്തിന്റെ ഒന്നാമത്തെ പ്രശ്നം, ദുഷ്ടൻ വന്ന് വിത്ത് അപഹരിക്കുന്നതാണ് (13/19). ദുഷ്ടത നിന്നിൽ പ്രവേശിക്കാത്തവിധം ദുഷ്ടതയെ അകറ്റിനിർത്തി ജാഗ്രത പുലർത്തണം.

## മനുഷ്യമനസ്സുകൾ

ചുട്ടുപഴുത്ത ഇരുമ്പിൽ വെള്ളം നീരാവിയാകും. മണ്ണിൽ വീണാൽ വെള്ളം ചെളിയാകും. താമരയിലയിൽ മുത്തുമണിപോലെ സുന്ദരമാകും. മനുഷ്യന്റെ വചനത്തോടുള്ള പ്രതികരണവും ഇതുപോലെയാണ്.

## ചേമ്പിലയിലെ വചനം

ചേമ്പിലയിലെ വെള്ളത്തെപ്പോലെയാണ് ചിലർ വചനത്തെ സ്വീകരിക്കുന്നത്. അൽപനേരം തങ്ങി നിന്ന ശേഷം അത് അതേ പടി പുറത്തേക്ക് ഒഴുകിപ്പോകും, പ്രലോപനത്തിന്റെ ചെറിയ കാറ്റ് മതി.

## മനസ്സിന്റെ സാക്ഷകൾ തുറക്കണം.

കാൽവരിയിൽ അഴിഞ്ഞ വിത്ത് കല്ലറ പൊട്ടി മുളച്ചതായിത്തീരുന്നു. വചനാധിഷ്ഠിത ജീവിതത്തിന്റെ ശക്തിയും വിജയവും ഈ ഉപമ വിളിച്ചോതുന്നു.

# വഴിയരിക്

പാലസ്തീനയിൽ വരമ്പുകൾ നടവഴിച്ചാലുകളുമായിരുന്നു. നടപ്പുവഴികൾ. കാലടികളാൽ തറഞ്ഞ ഭൂമി. അതാണ് വഴിരുക്. അവിടെ വീഴുന്ന വിത്തുകൾ പക്ഷികൾ വന്ന് കൊത്തിപ്പെറുക്കി തിന്നു കളയുമായിരുന്നു. വിത്തുകൾ മണ്ണിൽ പുതയാത്തതാണ് കാരണം.

## വന്യ പക്ഷികൾ

വന്യ പക്ഷികൾ ഈ സമയത്തു വിതക്കാരനെ കാണുകയാണെങ്കിൽ അവന്റെ പിന്നാലെ കൂടും വരമ്പിൽ വീഴുന്നവ പറന്നുവന്ന് കൊത്തിക്കൊണ്ടു പോകും.

നിന്റെ ഹൃദയം നിരത്തുപോലെ അശ്രദ്ധമായി പോയിട്ടുണ്ടെങ്കിൽ അവിടെ സുകൃതങ്ങളുടെ, പുണ്യങ്ങളുടെ കാവലേർപ്പെടുത്തുക.

## വഴിയരുകിന്റെ പ്രത്യേകത

വഴിയരുകിൽ ആർക്കും ഏതു സമയത്തും കടന്നചെല്ലാം. ആരെയുമത് സ്വാഗതം ചെയ്യുന്നു. നീയെന്താ ഇവിടെ വന്നതെന്ന് ആരും ചോദിക്കില്ല, ചോദിക്കാൻ പാടില്ല.

ഏതു ആശയവും, തത്വവും ഇവിടെ പറയാം. അവതാരകന്റെ കഴിവാണ് മുഖ്യം. ആദ്യം ശരിയെന്നു തോന്നിയത് മറ്റൊന്നു കേൾക്കുമ്പോൾ ഉപേക്ഷിക്കും. വഴിയരുക് ആരേയും ഇറക്കിവിടില്ല. കമ്മ്യൂണിസവും സോഷ്യലിസവും എന്തിനും വിഹരിക്കാവുന്ന സ്ഥലം.

വേലിയില്ല, “പറവകൾ” കൊത്തിക്കൊണ്ടു പോകാൻ കാത്തിരിക്കുന്ന ഇടം. മറ്റാശയങ്ങളുടെ ആധിക്യത്താൽ വചനം മനസ്സിലാകുന്നില്ല. അതുകൊണ്ട് ദുഷ്ടൻ വചനം അപഹരിക്കുന്നു.

ജറുസലേമിൽ നിന്നു നന്മവരുമോ എന്നു ചോദിക്കുന്ന ശീലമുള്ളവരാണിവർ. ഫറവോ കഠിന ഹൃദയനായിരുന്നുവെന്ന് പുറ 8/19 പറയുന്നു. അതിനാൽ ദൈവത്തിന്റെ വാക്കു കേട്ടില്ല.

കഠിനഹൃദയരാകരുതെന്ന് 1 സാമു. 6/6, സങ്കീ. 15/8, മർക്കോസ് 3/5 എന്നീ വചനങ്ങൾ പറയുന്നു. മോഹങ്ങൾ നിത്യവും സഞ്ചരിക്കുന്ന പാതയാണിത്.

# മുൾച്ചെടികൾക്കിടയിലെ വിത്ത്

കൃഷിയിടങ്ങളിലെല്ലാം വളർന്നു നിൽക്കുന്ന മുള്ളുകളുള്ള ഒരിനം ചെടികളാണ് മുൾച്ചെടികൾ. നിലം ഉഴുതുമറിക്കുന്നതിനു മുമ്പ് അത് പറിച്ചു കളയുന്ന പതിവില്ല. ഉഴവു നടത്തുമ്പോൾ അവ കടപുഴകുകയാണ് പതിവ്. ചിലപ്പോൾ അവ വീണ്ടും മുളച്ചുവരും. ചിലതിന്റെ ചുവട്ടിൽ കൊഴു എത്തുകയുമില്ല. വിതയ്ക്കുന്ന അവസരത്തിൽ സാധാരണയായി വിത്തുകൾ അവിടെയും വീഴും.

വിത്തുവിതയ്ക്കുന്നയവസരത്തിൽ നീട്ടി നിരത്തി വിതയ്ക്കുന്ന പതിവുണ്ട്.

നിന്നിലെ പാപസാഹചര്യങ്ങളുടെ മുൾച്ചെടികളെ വേരോടെ പിഴുതെറിയുക.സുഖവും സഹനങ്ങളും ദൈവിക നന്മയെ മുരടിപ്പിച്ചു കളയും.

സഹനത്തിൽ യേശുവിന്റെ സാന്നിധ്യം പിടിച്ചുനിൽക്കുവാൻ നമ്മെ സഹായിക്കുന്നു. ക്ലേശങ്ങളും പീഡകളും മറികടക്കാനാവണം.

## ബൈബിൾ കഥാപാത്രങ്ങൾ

“നിത്യ ജീവന്റെ വാക്കുകൾ നിന്റെ പക്കലുണ്ടല്ലോ”യെന്ന് പറഞ്ഞ പത്രോസ് ഈശോയെ തള്ളിപ്പറയാൻ സമയമെടുത്തില്ല. ആകുലതകൾക്കുമീതെ അടയിരിക്കുന്നവർക്ക് ഇതു സംഭവിക്കും. മനസ്സിന്റെ നിയമത്തോട് പോരാടുന്ന നിയമത്തെക്കുറിച്ച് റോമ. 7/19-23 പറയുന്നു. ആത്മാവിന്റെ അഭിലാഷങ്ങൾ ശരീരത്തിനെതിരാണ് എന്ന് ഗലാത്തിയ 5/17 പറയുന്നു. ദൈവത്തേയും മാമോനെയും ഒരുമിച്ച് സ്നേഹിക്കുവാൻ സാധിക്കില്ലെന്ന് മത്തായി 6/24 എഴുതുന്നു. ജീവിത വ്യഗ്രതയിൽ നാം മർത്തായെ പോലെയാകും.

## തലപ്പെട്ട ദോഷങ്ങൾക്കടിപ്പെട്ടവർ

തലപ്പെട്ട ദോഷങ്ങൾക്കടിപ്പെട്ടവരാണിവർ. വേരിരക്കിയ തഴക്കദോഷങ്ങൾ. അഹങ്കാരമോ, അധികാരഭ്രമമോ, ധനാരാധനയോ, ശക്തമായ കോപ്ലക്സുകൾ, ലൈംഗീഗ അവിശ്വസ്തതയോ, അംഗീകാരത്തിനായി ഏതു വിഡ്ഢി വേഷം കെട്ടാനുമുള്ള സമ്മതമോ ഒക്കെയാകാം കാരണം.

## ആധുനിക മനുഷ്യന്റെ തനിപ്പകർപ്പ്.

ആധുനിക മനുഷ്യന്റെ തനിപ്പകർപ്പ്. കേൾക്കുന്നത് മറന്നു പോകുന്നു, ഞെരുങ്ങൽ, വേരില്ലായ്മ ഇവയൊക്കെ ഒന്നുതന്നെ. അസൂയ, വെറുപ്പ്, വിദ്വേഷം ഇവയിൽ നിന്ന് മുക്തിയില്ലാത്ത അവസ്ഥ.

# പാറപ്പുറത്തെ വിത്ത്

പാടത്തിന്റെ അരികുചേർന്ന് ചുണ്ണാമ്പുകല്ല് നിറഞ്ഞതും പാറകൾ നിറഞ്ഞ സ്ഥലങ്ങളും സാധാരണമാണ്. വിതയ്ക്കാൻ എറിയുന്ന വിത്തുകൾ സ്വാഭാവികമായും ഈ പാറക്കല്ലിൽ വീഴുകയും വിടവുകളിലെ മണ്ണിൽ പറ്റിപ്പിടിച്ച് ഈർപ്പത്തിൽ പെട്ടെന്ന് വളരുകയും ചെയ്യും. പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് വിത്ത് നിർമ്മാജനം ചെയ്യപ്പെടുന്നു.

പാറപോലെ ഹൃദയം വളർച്ച കെടുത്തുന്നുവെങ്കിൽ അവ തകർത്തെറിയുക. മുകളിൽ സൂര്യൻ, താഴെ പാറ. വിത്തെങ്ങനെ വളരും.

## അടച്ചുപൂട്ടിയ ഹൃദയം

അടച്ചുപൂട്ടിയ ഹൃദയമാണിത്. ഒന്നും സ്വീകരിക്കില്ല. “എനിക്കു നന്നായിട്ടറിയാം. പിന്നെന്തിനാ കേൾക്കുന്നത്? ആരുടെയും ഉപദേശമൊന്നും വേണ്ട. എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം.” എന്നൊക്കെയുള്ള ചോദ്യങ്ങൾ ഇത്തരക്കാരിൽ നിന്നു വരുന്നു. ഇടവകയിലെ ധ്യാനം കൂടിയേക്കാം, കൂടാതിരുന്നെന്നു വേണ്ട. പക്ഷെ ഒന്നും സ്പർശിക്കില്ല.

ഇക്കൂട്ടരുടെ മനസ്സ് നദിയിലെ കല്ല് പോലെ ഉള്ള് എപ്പോഴും ഉണക്കായിരിക്കും. മുൻവിധി ജന്മ പാപമെന്നോണം സ്വതസിദ്ധം. അമിതാവേശവും അസ്ഥിരമായ തീരുമാനങ്ങളും നിമിഷങ്ങളിൽ മാത്രം ജീവിക്കുന്ന രീതിയുള്ളവരും ഇവരിൽ പെടുന്നു.

## മങ്ങുന്ന മാനസാന്തരം

മാനസാന്തരമുണ്ടായാലും നിലനിൽക്കില്ല. മദ്യപാനം നിറുത്തുമ്പോഴും നേരത്തെ കഴിച്ചതിന്റെ ബാക്കി കുപ്പിയിലാക്കി അലമാരയിൽ  വച്ചിരിക്കും. ഒരാഴ്ച കഴിഞ്ഞ് അത് തുറക്കും. ഭാര്യയെ തൊട്ടു സത്യം ചെയ്യുമ്പോഴും ജോലി സ്ഥലത്തെ കൂട്ടുകാരിയെ കൈവിടില്ല. ഒരോ സെമസ്റ്റർ പരീക്ഷ കഴിയുമ്പോഴും അടുത്ത പ്രാവശ്യം കോപ്പിയടിക്കില്ല എന്നു പ്രതിഞ്ജയെടുക്കും.

ബൈബിൾ വായിക്കുമെങ്കിലും പ്രയോജനപ്പെടില്ല.

## ദൈവവചനത്തെ ഉൾകൊള്ളാത്ത സഭാംഗങ്ങൾ ആരെല്ലാം

ദൈവവചനത്തെ ഉൾകൊള്ളാത്ത സഭാംഗങ്ങൾ ആരെല്ലാമാണ് എന്ന് കൃത്യമായി മനസ്സിലാക്കുവാൻ ആദിമ ക്രൈസ്തവ സമൂഹം ശ്രദ്ധിച്ചിരുന്നു എന്നതിന് തെളിവാണ് ഈ ഉപമ. ഇക്കാലത്തും ഇക്കാര്യങ്ങൾ കാണപ്പെടുന്നു.

# നല്ലനിലം

ഈ അവസ്ഥകളൊക്കെ ഉണ്ടെങ്കിലും വലിയൊരു വിഭാഗം വചനം മനസ്സിലാക്കി അതനുസരിച്ച് ജീവിക്കുന്നവരാണ്. വചനം ശ്രദ്ധയോടെ കേട്ട് താൽപര്യത്തോടെ വളർത്തുന്നവർ. തടസ്സമായതെല്ലാം ഉപേക്ഷിക്കുവാൻ സന്നദ്ധത.

പറവകളെ താലോലിക്കാത്തവർ. വിശ്വാസത്തിന് എന്തു വിലയും കൊടുക്കാൻ തയ്യാറുള്ളവർ. തുറന്ന മനസ്സ്. ബൈബിളിൽ തനിക്ക് ആവശ്യമുള്ളവ ഉണ്ടെന്ന ബോദ്ധ്യം.

പ്രാർത്ഥിക്കുന്നത് ദൈവത്തെ പരീക്ഷിക്കാനല്ല, സ്വയം സമർപ്പിക്കാനാണ്. ബല ഹീനതകൾ കണ്ടെത്തി തിരുത്തും. വചനത്തിനനുകൂലമായവ വളർത്തുന്നവർ.

ഉഴുതുമറിച്ച്, കളകൾ നീക്കി, വളമിട്ട് വെള്ളമൊഴിച്ച് മൃദുവാക്കി ഒരുക്കിയ വയൽ തുറവിയുള്ള, കേൾക്കാൻ ദാഹമുള്ള, അറിയാൻ ആഗ്രഹമുള്ള, സ്വസ്ഥമായ, വിനീ തമായ, മാംസളമായ ഹൃദയം അതാണ് നല്ലനിലം.

“അപ്പംകൊണ്ടുമാത്രമല്ല, വചനം കൊണ്ടും ജീവിക്കുന്ന” ബോധ്യവും, (മത്താ 4/4) “..........കർത്താവിന്റെ ഇഷ്ടം നിറവേറ്റുന്നനാണ്.” (മത്തായി 7/21), “വചനം പ്രവർത്തിക്കുന്നവനാണ്.... ”(യാക്കോബ് 1/22) ആ നിലം.

‘ധാന്യം വേണം മനയിൽ, ധ്യാനം വേണം മനസ്സിൽ’ എന്നു കുഞ്ഞുണ്ണി പാടുന്ന തിനർത്ഥം അതാണ്.

## ചിതറിയ ചിന്ത

കുട്ടികളെ വളർത്തുന്നവരാകാതെ മക്കളെ വളർത്തുന്നവരാകണം.